LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട പ്രയാർ ഗോപാലകൃഷ്ണൻ ഈ ബില്ലിൽ പ്രധാനമായിട്ടും ഊന്നൽ നൽകുന്നത് സ്ത്രീശാക്തീകരണത്തിനാണ്. അങ്ങയുടെ വിശദീകരണത്തിലും അതിനാണ് ഊന്നൽ നൽകിയിട്ടുള്ളത്. അപ്പോൾ ഈ സ്വയം തൊഴിൽ മേഖലയിൽ സ്ത്രീകളെ കൂടുതൽ ഭാഗഭാക്കാക്കുക, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരിക എന്നുള്ളതാണ് അങ്ങ് ലക്ഷ്യമിട്ടത് എന്ന് ഞാൻ കരുതുന്നു. അതിന് അടിസ്ഥാനമായിട്ടുള്ള നിയമ നിർമ്മാണമാണ്. ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ടുവരുന്ന സമയത്താണ് ബഹുമാനപ്പെട്ട ബാബു പറഞ്ഞ കാര്യത്തിന്റെ പ്രസക്തി വരുന്നത്. പാർലമെന്റിൽ അല്ലെങ്കിൽ നിയമസഭയിൽ 33 ശതമാനം സ്ത്രീ സംവരണം ഈ നിയമ നിർമ്മാണം സ്ത്രീകളുടെ പൊതുതാൽപര്യത്തിനാണ് ഊന്നൽ നൽകുന്നതെങ്കിൽ കൃത്യമായ ഒരു അഭിപ്രായം ഇക്കാര്യത്തിലുണ്ടാകണം. അങ്ങ് ഒരു രാഷ്ട്രീയ പാർട്ടിയെ പ്രതിനിധീകരിച്ചുകൊണ്ടാണ് നിൽക്കുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടി സി.പി.ഐ.(എം)ആണ്. സ്ത്രീകൾക്ക് 33 ശതമാനം സംവരണം കൊടുക്കണമെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നു. അതിന് എല്ലാ നടപടികളും സ്വീകരിക്കുവാൻ തയ്യാറാണ്. അങ്ങ് പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടി ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ഞാൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടിയുടെ വീക്ഷണം ആ കാര്യത്തിൽ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ബാബു: സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നിലപാട് ഇക്കാര്യത്തിൽ സ്ത്രീകൾക്ക് പാർലമെന്റിലും നിയമസഭയിലും മൂന്നിലൊന്ന് സംവരണം ഏർപ്പെടുത്തണമെന്നാണ്. അന്ന് കോമൺ മിനിമം പ്രോഗ്രാം (സി.എം.പി.) ഉണ്ടായിരുന്നത് അങ്ങേയ്ക്ക് അറിയാമോ? ഇപ്പോൾ സംസാരിച്ച പേരാമ്പ്ര മെമ്പറുടെ പാർട്ടി ഇക്കാലമത്രയും സ്ത്രീകൾക്കുവേണ്ടി വാദിച്ചിട്ട് അവരുടെ പോളിറ്റ്ബ്യൂറോയിൽ ഒരു വനിതാംഗം പോലും ഇല്ലെന്നുള്ള കാര്യം അറിയുമോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ബഹുമാന്യനായ ബാബു പറഞ്ഞതു പോലെ അവർ എല്ലാം പറയുക മാത്രമെയുള്ളൂ. ഒന്നും പ്രവർത്തിക്കാറില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. You can continue next time.

(ചർച്ച തുടരും)

(3) 2004-ലെ കേരള മലയോര വികസന അതോറിറ്റി ബിൽ

ശ്രീ. കെ. സി. ജോസഫ് : സർ, 2004 ലെ കേരള മലയോര വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. സി. ജോസഫ് മലയോര പ്രദേശത്തെ സാമ്പത്തിക വളർച്ചയ്ക്കും അവിടത്തെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിനുമുള്ള മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു സ്വകാര്യ ബില്ലിന് നോട്ടീസ് കൊടുത്തിട്ടുള്ളത്. മലയോര പ്രദേശത്തെ പുരോഗതി, അവിടത്തെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ശുദ്ധജല വിതരണം മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവും ആ വികസനത്തിനുണ്ടാകുന്ന പ്രതിബന്ധവും കണക്കിലെടുത്തുകൊണ്ട് പ്രസ്തുത പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനു മലയോര വികസന അതോറിറ്റി രൂപീകരിക്കുമെന്ന് 2001-02-ലെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. അതിനെത്തുടർന്ന് മലയോര വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യത്തിൽ സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അന്നത്തെ റവന്യു സെക്രട്ടറി ശ്രീ. സാജൻ പീറ്ററെ സ്പെഷ്യൽ ആഫീസറായി നിയമിക്കുകയും ചെയ്തു. മലയോരവികസന അതോറിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് പുന:പരിശോധിച്ച് വീണ്ടും ആ റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുന്ദരേശനെ ചുമതലപ്പെടുത്തിക്കൊണ്ട് 26-2-2004-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2004-05-ലെ ബഡ്ജറ്റിൽ മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതിനായി ഏഴരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ പല കമ്മീഷനുകളും ഇക്കാര്യത്തിൽ പഠനം നടത്തിയെങ്കിലും ഈ പഠന റിപ്പോർട്ടുകൾ പഠിച്ച് വ്യക്തമായ ശുപാർശ നൽകാനാണ് ശ്രീ. സുന്ദരേശനെ നിയോഗിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് ചില നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ് തുടർ നടപടികൾ വൈകിയത്. ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യു സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാൽ ഉടൻ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കഴിയുന്നതും ഈ സാമ്പത്തിക വർഷം തന്നെ അതോറിറ്റി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന ശുഭപ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. അതുകൊണ്ട് ആ കാര്യം ആവശ്യപ്പെട്ടുകൊണ്ടുള്ള ഇത്തരം ബില്ലിന് പ്രസക്തി ഇല്ലാത്തതുകൊണ്ട് ഞാൻ ശ്രീ. കെ. സി. ജോസഫിന്റെ അവതരണാനുമതി അനുവദിക്കണമെന്ന ഈ പ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ മന്ത്രിയുടെ മറുപടി സ്വാഗതാർഹമാണെങ്കിലും അവസാനിപ്പിച്ചത് പ്രസക്തിയില്ല എന്ന് പറഞ്ഞാണ്. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. ഹസ്സൻ ഇത് പറയാൻ പാടില്ലായിരുന്നു. നേരത്തെ അദ്ദേഹം ഈ സഭയിലെ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ചുള്ള സമിതിയുടെ ചെയർമാനായിരുന്നു. അന്ന് അദ്ദേഹം പറഞ്ഞത് ഇത്തരം ബില്ലുകൾ സഭയിൽ വന്നാൽ സഭയിൽ ചർച്ച ചെയ്യണം, സഭയുടെ അഭിപ്രായം ഉണ്ടാകണം എന്ന് ആയിരുന്നു. പക്ഷേ അദ്ദേഹം പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയായപ്പോൾ ആ അഭിപ്രായം മാറ്റി ബിൽ അവതരിപ്പിക്കണ്ട എന്ന് പറയുന്നത് പൊരുത്തപ്പെടുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, എന്റെ അറിവിൽ കേരള നിയമസഭയുടെ ചരിത്രത്തിൽ 1957-58 കാലത്ത് ഒരു നോൺ ഒഫിഷ്യൽ ബിൽ പാസ്സായി എന്നുള്ളതാണ്. വേറെ ഒരു ബിൽ പാസായില്ല. ഒരു വെള്ളിയാഴ്ച വെറുതെ കളയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഹസ്സൻ ചെയർമാൻ ആയിരുന്നപ്പോൾ പോലും കഴിഞ്ഞിട്ടില്ല. ഇന്നും കഴിയില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ ബിൽ വളരെ പ്രധാനപ്പെട്ട ബില്ലാണ്. ഈ ബിൽ 1995-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നപ്പോൾ അവർ അത് ഒഴിവാക്കി. നഗര വികസനത്തിനുള്ള ഡെവലപ്മെന്റ് അതോറിറ്റി നിലനിർത്തിയിട്ട് മലയോരങ്ങളും കടലോരങ്ങളും അവർ ഒഴിവാക്കിക്കളഞ്ഞു. അത് അവർ 2001 ലെ തെരഞ്ഞെടുപ്പിൽ പഠിക്കുകയും ചെയ്തു. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട ചെയർകൂടി ശ്രദ്ധിച്ച് ഇതുപോലത്തെ പ്രധാനപ്പെട്ട ബിൽ ഡിസ്പോസ് ചെയ്യണം. അതായത് ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷൻ നടത്തണം. ബില്ല് പാസ്സാകുകയോ പാസ്സാകാതിരിക്കുകയോ ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടാകണം. ഇത് ഗവൺമെന്റിന് വളരെ സൗകര്യമാണ്. ഗവൺമെന്റ് 1995-ൽ ശ്രമിച്ചു. ഗവൺമെന്റ് ഇപ്പോൾ ശ്രമിച്ചിരുന്നു. അതൊരു നിയമത്തിൽ കൂടി ആണെങ്കിൽ അത് നടപ്പിലാക്കാൻ വളരെ സൗകര്യം ഉണ്ടാകും. അതുകൊണ്ട് ഇന്ന് ഈ ബിൽ ചർച്ച നടത്തി അടുത്ത ദിവസം ഈ ബിൽ ക്ലാസ് ബൈ ക്ലാസ് എടുത്ത് ഡിസ്ക്കസ് ചെയ്ത് ഡിസ്പോസ് ചെയ്യാനുള്ള അവസരം ഉണ്ടാക്കുകയാണെങ്കിൽ അത് ബഹുമാനപ്പെട്ട മെമ്പർക്ക് സമ്മതമാകുമോ?

ശ്രീ. കെ. സി. ജോസഫ് : അത് വളരെ സ്വാഗതാർഹമാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്ന ആളാണ്. അതുകൊണ്ട് അദ്ദേഹത്തോട് പറയേണ്ട ആവശ്യമില്ല. പ്രൈവറ്റ് മെമ്പേഴ്സ് ബില്ലാണെങ്കിലും സെല്യൂഷൻസാണെങ്കിലും ക്യാബിനറ്റിലാണ് ഇത് ചർച്ച ചെയ്ത് ഒരു തീരുമാനം എടുക്കേണ്ടത്. പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എന്ന നിലയിൽ എന്റെ അഭിപ്രായം ചില ബില്ലുകൾ ഗവൺമെന്റ് അംഗീകരിക്കണമെന്നു തന്നെയാണ്. പക്ഷേ ക്യാബിനറ്റിന്റെ തീരുമാനമേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സ്വാഗതാർഹമാണ്. ചെയറിനും തീരുമാനിക്കാവുന്ന കാര്യമാണ്. ഇത് ക്ലാസ് ബൈ ക്ലാസായിട്ട് ഡിസ്ക്കസ് ചെയ്തിട്ട് അത് ഡിസ്പോസ് ചെയ്യണമെന്ന് പറഞ്ഞാൽ ക്യാബിനറ്റ് തീരുമാനിച്ചാൽ ഗവൺമെന്റിന് അംഗീകരിക്കാം. ക്യാബിനറ്റിന് വിരുദ്ധമായിട്ടുള്ള നിലപാടാണെങ്കിൽ അത് കളയാം. ഒരു ഗവൺമെന്റിന്റെ കാലത്തും സ്വകാര്യബില്ലുകൾ പാസ്സായിട്ടില്ല. സ്വകാര്യ ബില്ലുകൾക്ക് ഒരു ദിവസം മാറ്റിവച്ചതുതന്നെ പുതിയ ഒരു തീരുമാനമാണ്. ഈ ബില്ലുകൾ വരുമ്പോൾ ഗവൺമെന്റിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഇതിന് അനുസരണമായ നിയമ നിർമ്മാണത്തിന് ഗവൺമെന്റിന് പ്രേരണ നൽകാനും ഉപകരിക്കും എന്ന ഒരു ആസ്പക്ട് കൂടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ഒരു തെറ്റിദ്ധാരണ ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടായി. ഞാൻ ചെയറിനോടാണ് പറഞ്ഞത്. ഗവൺമെന്റിൽ വന്നു തള്ളണമോ അംഗീകരിക്കണമോ തീരുമാനിക്കണമോ എന്ന കാര്യം മന്ത്രി പറഞ്ഞത് ശരിയാണ്. ഇത് പ്രൈവറ്റ് മെമ്പേഴ്സ് ബിൽസ് ആന്റ് റസല്യൂഷൻസ് കമ്മിറ്റി ചെയ്യേണ്ട കാര്യമാണ്. അവർ ഈ ബില്ലിനുവേണ്ടി മാത്രമായി സമയം മാറ്റി വയ്ക്കണം. അതാണ് എന്റെ സജഷൻസ്. അതിന് ചെയറിന്റെകൂടി സഹായം വേണം.

ശ്രീ. കെ. സി. ജോസഫ്: നമ്മുടെ പാർലമെന്റ് പാസ്സാക്കിയ കൂറുമാറ്റ നിരോധനനിയമം ഉണ്ടായത് ഇന്ത്യൻ പാർലമെന്റിൽ ശ്രീ. നാഥ് പൈയുടെ ഒരു സ്വകാര്യ ബില്ലിന്റെ ചുവടു പിടിച്ചാണ്. പാർലമെന്റിൽ ഡിഫക്ഷൻ ബിൽ ആദ്യമായി ചർച്ചയ്ക്ക് അവതരിപ്പിച്ചത് നാഥ് പൈയാണ്. 1992 മുതൽ ഞാൻ സഭയിൽ മലയോര വികസന അതോറിറ്റിയുടെ കാര്യം ഉന്നയിക്കുന്നതാണ്. പന്ത്രണ്ട് കൊല്ലം കഴിഞ്ഞു. 1992-ലെ ബഡ്ജറ്റിൽ അന്ന് ധനകാര്യ മന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി അതോറിറ്റിക്കുവേണ്ടി തുക വക കൊള്ളിച്ചു. 1992-ൽ തന്നെ പ്ളാനിംഗ് സെക്രട്ടറിയായിരുന്ന വിജയാനന്ദിനെ അതോറിറ്റിയെക്കുറിച്ച് പഠിക്കുവാൻവേണ്ടി ഒരു കമ്മീഷനായി നിയമിച്ചു. അദ്ദേഹം പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചു, തീരുമാനം ഉണ്ടായില്ല. ആ നടപടി നീണ്ടുപോയപ്പോൾ വീണ്ടും ഗവൺമെന്റ് അന്ന് പ്ളാനിംഗ് സെക്രട്ടറിയായിരുന്ന കെ.വി.നമ്പ്യാരോട് ഈ കാര്യങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടു. കെ. വി. നമ്പ്യാർ റിപ്പോർട്ട് സമർപ്പിച്ചു. അപ്പോഴും തീരുമാനം ഉണ്ടായില്ല. വീണ്ടും 1993-ൽ ശ്രീ. മോഹൻ കുമാറിനെ കമ്മീഷനായി നിയമിച്ചു, ഈ രണ്ടു റിപ്പോർട്ടുകളും പഠിച്ചിട്ട് ഒരു കോംപ്രിഹെൻസീവായ സജഷൻ കൊടുക്കുവാൻ പറഞ്ഞു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1995 ആഗസ്റ്റ് മാസത്തിൽ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി അന്ന് മലബാർ മേഖലയിലെ എം.എൽ.എ.മാരെ വിളിച്ചുകൂട്ടി. ഈ യോഗത്തിൽ അഭിപ്രായ സമന്വയം ഉണ്ടായി. മലയോര മേഖലയുടെ വികസനത്തിനു വേണ്ടിയുള്ള അതോറിറ്റി ഉണ്ടാക്കണം എന്നതായിരുന്നു കോൺസൻസസ്സ്. ആദ്യം ഉദ്ദേശിച്ചത് മലബാർ മേഖലയ്ക്കുവേണ്ടി അതോറിറ്റി എന്നായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും 1995 നവംബർ മാസം രണ്ടാം തീയതി ശ്രീ. എം. എസ്. ജോസഫ്, അദ്ദേഹം അന്ന് റവന്യൂ സെക്രട്ടറിയാണ്. അദ്ദേഹത്തെ കമ്മീഷനായി ചുമതലപ്പെടുത്തി. അദ്ദേഹവും എല്ലാ ജില്ലകളിലും പോയി പഞ്ചായത്ത് മെമ്പർമാരെയും, ബ്ളോക്ക് പഞ്ചായത്ത് മെമ്പർമാരെയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരേയും വിളിച്ചു കൂട്ടി ചർച്ചകൾ നടത്തി. അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് മാറി, എൽ.ഡി.എഫ്. ആണ് അധികാരത്തിൽ ഉണ്ടായിരുന്നത്.

ശ്രീ. കെ. സി. വേണുഗോപാൽ: അതിന്റെ കൂടെ തീരദേശത്തെ പാവപ്പെട്ട വർക്കുവേണ്ടി തീരദേശ അതോറിറ്റികൂടി ഉണ്ടായി. ഇതു രണ്ടും ഒന്നിച്ചാണ് ചർച്ച ചെയ്യപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: വളരെ പ്രധാനപ്പെട്ട ഒരു ബിൽ ആണ് ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇത് കെ.സി.യുടെ മാത്രം ഒറ്റപ്പെട്ട വികാരമല്ല. കേരളത്തിൽ കാസർകോട് മുതൽ പാറശ്ശാലവരെയുള്ള മലയോര മേഖലയിലെ മുഴുവൻ ജനങ്ങളുടേയും അഭിലാഷമാണ്. ഞാൻ പറയാൻ ഉദ്ദേശിച്ച കാര്യം പണ്ട് ശരിയത്ത് വിവാദ കാലത്ത് സുപ്രീം കോടതി ഒരു വിധി പ്രസ്താവിച്ചു. ആ സാഹചര്യത്തിൽ സുപ്രീം കോടതി വിധിക്കെതിരായി ബനാത്വാല ഇന്ത്യൻ പാർലമെന്റിൽ ഒരു സ്വകാര്യ ബിൽ അവതരിപ്പിച്ചു. ആ ബില്ല് രാജീവ് ഗാന്ധി ഔദ്യോഗിക ബില്ലായി അംഗീകരിച്ച് ബനാത്വാലയോട് പിൻവലിക്കാൻ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട പാർലമെന്ററികാര്യമന്ത്രി ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഈ സ്വകാര്യ ബിൽ പിൻവലിക്കാൻ പറഞ്ഞിട്ട് ഗവൺമെന്റിന്റെ ഔദ്യോഗിക ബില്ലായി കൊണ്ടുവരാൻ അങ്ങ് ആവശ്യപ്പെടുമോ?

ശ്രീ. കെ. സി. ജോസഫ്: അത് മന്ത്രി പറയേണ്ട കാര്യമാണ്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. എം. എം. ഹസ്സൻ: അതോറിറ്റി രൂപീകരിക്കുവാൻവേണ്ടിയുള്ള അഡ്മിനിസ്ട്രേഷൻ നടപടികളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഈ സാമ്പത്തികവർഷംതന്നെ അതോറിറ്റി നിലവിൽ വരാനുള്ള ബഡ്ജറ്ററി പ്രൊവിഷൻ കൊടുത്തുകഴിഞ്ഞു. മറ്റ് അഡ്മിനിസ്ട്രേഷൻ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരു അഡ്മിനിസ്ട്രേഷൻ തീരുമാനം നടപ്പിലാക്കേണ്ട കാര്യത്തിന് ഒരു നിയമത്തിന്റെ ആവശ്യകതയുണ്ടെന്ന് ഇപ്പോൾ ഗവൺമെന്റിന് തോന്നുന്നില്ല. ആവശ്യമുണ്ടെങ്കിൽ നിയമം കൊണ്ടുവരുന്ന കാര്യം നമുക്ക് ക്യാബിനറ്റിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: ശ്രീ. കെ. സി. വേണുഗോപാൽ ഇവിടെ പറഞ്ഞ കാര്യം ശരിയാണ്. മലയോര കർഷക അതോറിറ്റിയും തീരദേശ അതോറിറ്റിയും ഇരട്ട പെറ്റ സഹോദരങ്ങളാണ്. Twin brothers. രണ്ടും ഒരുപോലെ കാണേണ്ട കാര്യമാണ്. മലയോര മേഖലയിലെ എം.എൽ.എ. ആയതുകൊണ്ട് ഞാൻ മലയോര അതോറിറ്റിയുടെ കാര്യം പ്രത്യേകം പറഞ്ഞെന്നേയുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട അബ്ദുള്ള ചൂണ്ടിക്കാണിച്ചതുപോലെ ശരിയത്ത് ബിൽ ശ്രീ. ബനാത്വാല കൊണ്ടുവന്നു. രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ശക്തിയായി അതിനെ എതിർത്തു. അതിനുശേഷം ലോകത്തിലെ പല രാജ്യങ്ങളിലുമുള്ള മതപണ്ഡിതന്മാരെ വിളിച്ചു സംസാരിച്ചു. എന്നിട്ട് ഇതിൽ സ്ത്രീകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന രൂപത്തിലുള്ള ബിൽ കൊണ്ടുവന്ന് പാസ്സാക്കി. അതുപോലെ ഈ ഗവൺമെന്റ് ഈ മലയോരങ്ങളിലെ പാവപ്പെട്ടവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു നിയമം കൊണ്ടുവന്നാൽ അങ്ങേയ്ക്ക് സ്വീകാര്യമാണോ?

ശ്രീ. എ. കെ. ബാലൻ: മൊഴി ചൊല്ലിയ ഭാര്യയുടെ ചെലവ് ഭർത്താവല്ല കൊടുക്കേണ്ടത്, ബാപ്പയാണ് എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ .സി. ജോസഫ്: അതും ഇതുമായി യാതൊരു ബന്ധവുമില്ല. .....(ബഹളം) :.....(ബഹളം)..... അത് വിഷയം വേറെയാണ് സാർ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെയുള്ള ബില്ല് രാജീവ് ഗാന്ധി കൊണ്ടുവന്നതാണ്. അത് ബി.ജെ.പി.ക്ക് വളരെ ഗുണപ്പെട്ടുവെന്ന് ശ്രീ. അദ്വാനി പറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: രാജീവ്ഗാന്ധി കൊണ്ടുവന്ന ബില്ലിനെ ശക്തിയായി അനുകൂലിച്ചു പറഞ്ഞ് ബനാത്വാലയുടെ ഗവൺമെന്റിനെ എതിർത്ത പാർട്ടിയും മാർക്സിസ്റ്റ് പാർട്ടിയാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: You can continue next time.. സമയം തീർന്നു. നിങ്ങൾക്ക് അനുവദിച്ചത് എട്ട് മിനിട്ടാണ്. പന്ത്രണ്ട് മിനിട്ടെടുത്തു. You can continue next time.

(ചർച്ച തുടരും)

(4) 2004-ലെ കേരള അത്യാഹിത നിയന്ത്രണ (ആപത്ത് കുറയ്ക്കൽ) ബിൽ

ശ്രീ. പി. ജയരാജൻ: 2004-ലെ കേരള അത്യാഹിത നിയന്ത്രണ (ആപത്തു കുറയ്ക്കൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ
11.30 a.m.] അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): കഴിഞ്ഞ ബില്ലിന്റെ നോട്ടീസിൽ പറഞ്ഞതുപോലെ മലയോര വികസന അതോറിറ്റിയും തീരദേശ അതോറിറ്റിയുംപോലുള്ള നടപടികൾ എടുത്തു വരുന്നു എന്നുള്ള കാര്യം ഇവിടെ ഞാൻ പ്രത്യേകം പറയുകയാണ്. ബഹുമാനപ്പെട്ട പി. ജയരാജൻ 2004-ലെ കേരള അത്യാഹിത നിയന്ത്രണ (ആപത്ത് കുറയ്ക്കൽ) ബില്ലിൽ വർദ്ധിച്ച വെള്ളപ്പൊക്കം, ഭൂകമ്പം മുതലായ പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് നോട്ടീസ് നൽകിയിരിക്കുന്നത്. എന്നാൽ വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭ കെടുതികളെ നേരിടുവാൻ കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച് കേന്ദ്ര സർക്കാരിൽനിന്നും എഴുപത്തിയഞ്ചു ശതമാനവും സംസ്ഥാന സർക്കാർ Calamity Relief Fund-ൽ നിന്ന് ഇരുപത്തിയഞ്ചു ശതമാനവും ധനസഹായം നല്കിവരുന്നുണ്ട്. ഇതുകൂടാതെ സഞ്ചിത നിധിയിൽ നിന്നും പണം കൊടുക്കുവാൻ തികയാതെവന്നാൽ കേന്ദ്രത്തിൽ നിന്നും പ്രത്യേക ധനസഹായം അടിയന്തിരമായി നല്കാൻ നമ്മൾ അഭ്യർത്ഥിക്കാറുമുണ്ട്. മാത്രമല്ല, കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സ്റ്റേറ്റ് ഡിസാസ്ട്രസ് മാനേജുമെന്റ് അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly